പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2459 — 09.03.2018 ന് മറുപടിയ്ക്ക്.

## പാറശ്ശാല വനിതാ ഐ.ടി.ഐ.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ. ഹരീന്ദ്രൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ. (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) പാറശ്ശാല വനിതാ ഐ.ടി.ഐ.യിൽ പുതുതായി ഏതൊക്കെ ട്രേഡുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) പാറശ്ശാല (വനിത) ഐ.ടി.ഐയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഫീസിബിലിറ്റി സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ ട്രേഡുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ കാലാകാലങ്ങളിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി 2017-ൽ തൊഴിൽ സാധ്യത കുറഞ്ഞ 129 ട്രേഡുകളിലെ 271 യൂണിറ്റുകൾ നിർത്തലാക്കി പകരം തൊഴിൽ സാധ്യത കൂടിയ 51 ട്രേഡുകളിലായി 271 യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിന് ഉത്തരവാകുകയും ടി ട്രേഡുകളിൽ പരിശീലനം ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത ഐ.ടി.ഐ.-യിൽ പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (PLEP) എന്നത് എംപ്ലോയബിലിറ്റി സെന്റർ, പ്രധാൻമന്ത്രി കൗശൽ വികാസ് യോജന, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം, ദീൻ ദയാൽ ഉപാധ്യായ് ഗ്രാമീൺ കൗശൽ വികാസ് യോജന എന്നീ സ്കില്ലിംഗ് പ്രോഗ്രാമുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളോട് സമാനമായതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ